"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി. - അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടു വരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി NHAI-ക്ക് വില ഈടാക്കാതെ നൽകുന്നതിന് അനുമതി നല്കിയ നടപടിയ്ക്ക് സാധൂകരണവും റോയൽറ്റി, സീനിയറേജ് ചാർജ് എന്നിവയിൽ ഇളവ് നല്കുന്നതിന് അനുമതിയും നൽകിയ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(കൈ) നം.6/2024/CSIND തീയതി,തിരുവനന്തപുരം, 28-11-2024

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 11/2024/സി.എസ്.ഐ.എൻ.ഡി. തീയതി. 15/03/2024.

2. സ.ഉ.(കൈ) നം.5/2024/സി.എസ്.ഐ.എൻ.ഡി. തീയതി. 20/09/2024.

**<u>ഉത്തരവ്</u>**

അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66- ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി NHAI-ക്ക് വില ഈടാക്കാതെ നൽകുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നല്കിയ നടപടിയ്ക്ക് പൊതു താല്പര്യം മുൻനിറുത്തി സാധൂകരണവും, പ്രസ്തുത സ്പോയിലിന് റോയൽറ്റി (KMMC ചട്ടങ്ങളിലെ ചട്ടം 7, 32 എന്നിവയിൽ ഇളവ് വരുത്തി), സീനിയറേജ് ചാർജ് എന്നിവയിൽ ഇളവ് നൽകുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതിയും നല്കികൊണ്ടുള്ള പരാമർശം (2) ലെ ഉത്തരവിൽ ഖണ്ഡിക 2-ലെ വ്യവസ്ഥകളിൽ 3-ാമത് വ്യവസ്ഥയായി താഴെപ്പറയുന്ന ഖണ്ഡിക കൂടി ഉൾപ്പെടുത്തി ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

"3. NHAI — യുടെ പ്രവൃത്തികൾക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള SoR നിരക്കിൽ മണ്ണ് നല്കുവാൻ കരാർ കൊടുത്തിട്ടുള്ള കരാറുകാരിൽ നിന്നും ഈ തുക ഈടാക്കി സംസ്ഥാന സർക്കാരിന് " Running bill " basis -ൽ ഡെപ്പോസിറ്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുവാനും NHAI- യോട് ആവശ്യപ്പെടുന്നു."

2. മേൽപ്പറഞ്ഞ ഭേദഗതിയോടുകൂടി പ്രസ്തുത ഉത്തരവ് നിലനില്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.

ചീഫ് എഞ്ചിനീയർ, ഇറിഗേഷനും ഭരണവും, തിരുവനന്തപുരം.

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം. പി. ഒ., കൊല്ലം.
ഡയറക്ടർ, ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ, റീജിയണൽ ഓഫീസ്,
നാഷണൽ വാട്ടർവേ റോഡ്, മരട്, എറണാകുളം - 682 304.
റീജിയണൽ ഓഫീസർ, കേരള, NHAI, അമ്പാടി ആർക്കേഡ്, പേട്ട പി.ഒ., തിരുവനന്തപുരം - 24.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
റവന്യൂ (പി) വകുപ്പ്
വ്യവസായ (എ) വകുപ്പ്
ജലവിഭവ (ഐ.ആർ) വകുപ്പ്
പൊതുമരാമത്ത് (ഡി) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്. (27/11/2024-ലെ ഇനം നം. 2505)
വിവര പൊതുജന സമ്പർക്ക വെബ് & ന്യൂ മീഡിയ )വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/119/2022/സി.എസ്.ഐ.എൻ.ഡി.).

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 29-11-2024 11:13:54
സെക്ഷൻ ഓഫീസർ

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
സി.എസ്.ഐ.എൻ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-11-2024

ഫയൽ നം. എ2/37/2024/സി.എസ്.ഐ.എൻ.ഡി. ഇനം നം: 2505

വിഷയം : കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് - വേമ്പനാട് കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്ന് ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയപാത (National Highway) 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി ദേശീയപാതാ അതോറിറ്റി (National Highway Authority of India - NHAI)-ക്ക് വില ഈടാക്കാതെ നൽകുന്നതിന് അനുമതിയും ഈ സ്പോയിലിന് റോയൽറ്റി, സീനിയറേജ് ചാർജ് എന്നിവയിൽ ഇളവ് നൽകുന്നതിന് അനുമതിയും ലഭ്യമാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. NHAI-യുടെ പ്രവൃത്തികൾക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള SoR നിരക്കിൽ മണ്ണ് നൽകുവാൻ കരാർ കൊടുത്തിട്ടുള്ള കരാറുകാരിൽ നിന്നും ഈ തുക ഈടാക്കി സംസ്ഥാന സർക്കാരിന് 'Running bill' basis-ൽ ഡെപ്പോസിറ്റ് ചെയ്യുവാൻ NHAI-യോട് അഭ്യർത്ഥിക്കുവാനും തീരുമാനിച്ചു. അഷ്ടമുടിക്കായലുമായി ബന്ധപ്പെട്ട് നേരത്തെ നൽകിയ ഉത്തരവിലും മേൽപ്പറഞ്ഞ പ്രകാരം ഭേദഗതി വരുത്തുവാൻ തീരുമാനിച്ചു.

US (CSIND)
28/11/24

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

SO (CSIND)

28 NOV 202

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്.

2505

# കേരള സർക്കാർ

## [ ശ്രീ. പിണറായി വിജയൻ മന്ത്രിസഭ ]

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 2/37/2024/സി.എസ്.ഐ.എൻ.ഡി. |
| 2 | വകുപ്പ് | : | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ് |
| 3 | വിഷയം | : | വേമ്പനാട് കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്ന് ഡ്രഡ്ജ് ചെയ്യെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66- ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി ദേശീയപാതാ അതോറിറ്റി (National Higway Authority of India-NHAI) ക്ക് വില ഈടാക്കാതെ നൽകുന്നതിന് അനുമതിയും ഈ സ്പോയിലിന് റോയൽറ്റി, സീനിയറേജ് ചാർജ് എന്നിവയിൽ ഇളവ് നൽകുന്നതിന് അനുമതിയും ലഭ്യമാക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവു തീയതി | : | 15/10/2024 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അല്ല. |
| | (II) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജി കുമാർ ജെ. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/ 10/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/ 11 / 2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 19/ 11 /2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19/ 11/ 2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) വേമ്പനാട് കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്ന് ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66- ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി ദേശീയപാതാ അതോറിറ്റി (National Higway Authority of India-NHAI) ക്ക് വില ഈടാക്കാതെ നൽകുന്നതിന് അനുമതിയും ഈ സ്പോയിലിന് റോയൽറ്റി, സീനിയറേജ് ചാർജ് എന്നിവയിൽ ഇളവ് നൽകുന്നതിന് അനുമതിയും ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) അഷ്ടമുടി, വേമ്പനാട് കായലുകളിൽ നിന്ന് ഡ്രഡ്ജ് ചെയ്ത് എടുക്കുന്ന മണ്ണ് ദേശീയപാത വികസനത്തിന് ഉപയോഗിക്കുന്നതിനായി അതിന്റെ സീനിയറേജ് (Seigniorage Charge), റോയൽറ്റി (Royalty) എന്നിവ ഒഴിവാക്കി നല്കണമെന്ന് ദേശീയപാത അതോറിറ്റി റീജിയണൽ ഓഫീസർ 12/03/2024- ലെ 1137/RO-Kerala/state govt. correspondence/590 നമ്പർ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. അതിൽ അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66- ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)-ക്ക് വില ഈടാക്കാതെ നൽകുന്നതിന് 15/03/2024 ൽ സ.ഉ.(സാധാ)നം.11/2024/സി.എസ്.ഐ.എൻ.ഡി നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. അപ്രകാരം അനുമതി നൽകിയ നടപടിയ്ക്ക് പൊതു താത്പര്യം മുൻനിറുത്തി സാധൂകരണം നല്കുന്നതിനും, ഈ സ്പോയിലിന് റോയൽറ്റി (KMMC ചട്ടങ്ങളിലെ ചട്ടം 7, 32 എന്നിവയിൽ ഇളവ് വരുത്തി), സീനിയറേജ് ചാർജ് എന്നിവയിൽ ഇളവ് നൽകുന്നതിന് അനുമതി നൽകുന്നതിനും 18.09.2024 ലെ ഇനം നം. 2406 ആയി മന്ത്രിസഭായോഗം വ്യവസ്ഥകളോടെ അംഗീകാരം നല്കിയിരുന്നു. അതിൻ പ്രകാരം 20-09-2024 ൽ സ.ഉ(കൈ) നം.5/2024/CSIND നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നതുമാണ്.

3) വേമ്പനാട് കായലിൽ നിന്നും ലഭ്യമാക്കിയ 25 സോയിൽ സാമ്പിളുകളുടെ പരിശോധനാ

റിപ്പോർട്ട് പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) ലഭ്യമാക്കി. പ്രസ്തുത റിപ്പോർട്ട് പ്രകാരം Gravel-0%, Sand-37.28%, Silt - 50.56%, Clay-12.16% ആണെന്നും, പ്രസ്തുത ഡ്രഡ്ജ്ഡ് സോയിൽ കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ പറ്റുന്നതല്ലെന്നും, ഭൂരിഭാഗം sand ഉം plastering/masonry പ്രവൃത്തികൾക്ക് ഉപയോഗിക്കാനാവില്ലെന്നും, ഫില്ലിംഗിനായി മാത്രം ഉപയോഗിക്കാവുന്നതാണെന്നും KERI അഭിപ്രായപ്പെട്ടിട്ടുണ്ട്. ഭൂരിഭാഗം വസ്തുക്കളും Silt (50.56%) Clay (12.16%) ആയതിനാൽ mud catergory യിൽപ്പെടുത്തി DSR 2018 പ്രകാരം Cost of mud (code No. 0811) ആയി 165 രൂപയും ആലപ്പുഴ ജില്ല കോസ്റ്റ് ഇൻഡക്സ് ആയി 68.52 രൂപയും ഉൾപ്പെടെ ആകെ 233.52 രൂപയും 18% ജി.എസ്.ടി ആയ 42.03 രൂപ കൂടിച്ചേർത്ത് ക്യൂബിക് മീറ്ററിന് **275.55 രൂപ** കണക്കാക്കാമെന്നും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ 15/05/2024- ലെ കത്ത് പ്രകാരം അറിയിച്ചിരുന്നു. വേമ്പനാട് കായലിലെ ദേശീയജലപാത (NW-3)-യിൽ നിന്ന് ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുവാൻ സാധിക്കുകയില്ലെന്ന് KERI റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നാഷണൽ ഹൈവേ നിർമ്മാണത്തിന് ഈ സ്പോയിൽ പ്രയോജനപ്പെടുത്തുക വഴി സംസ്ഥാനത്തിന് പ്രയോജനപ്പെടുന്ന ദേശിയ ആസ്തികൾ സൃഷ്ടിക്കുവാൻ കഴിയുമെന്ന വസ്തുത പരിഗണിച്ച് ആ സ്പോയിൽ NHAI യ്ക്ക് നല്കാവുന്നതാണ് എന്ന് ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ അഷ്ടമുടിക്കായലിലേതിന് സമാനമായി വേമ്പനാട് കായലിലെ ദേശീയജലപാത (NW-3 )-യിൽ നിന്ന് ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിലിന് വില, royalty, seigniorage എന്നിവ ഈടാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

4) ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ സാധിക്കില്ലെന്ന പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതിന് സാമ്പത്തികമൂല്യം ഇല്ലെന്നത് പരിഗണിച്ചാണ് അഷ്ടമുടിക്കായലിലെ ദേശീയജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും സമാന സ്വഭാവമുള്ള സ്പോയിൽ

ദേശീയ പാത (National Highway) 66- ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി NHAI -യ്ക്ക് വില ഈടാക്കാതെ നൽകുന്നതിന് അനുമതി നൽകിയത്. ഓരോ പ്രദേശത്തും ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന സ്പോയിലിന്റെ ഘടന വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ വില ഒഴിവാക്കി പൊതുവായി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സീനിയറേജ് ചാർജ്ജ് റവന്യൂ വകുപ്പിന്റെയും റോയൽറ്റി വ്യവസായ വകുപ്പിന്റെയും അധികാരപരിധിയിൽ വരുന്ന വിഷയമായതിനാൽ അഷ്ടമുടി കായലിന്റെ കേസിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10/01/2024-ന് ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ എന്നിവരുടെ യോഗം ചേർന്നിരുന്നതും താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടിട്ടുള്ളതുമാണ്.

> "ദേശീയപാത (NH-66) ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഇക്കണോമിക് വാല്യൂ ഇല്ലാത്ത സ്പോയിൽ ഡ്രഡ്ജ് ചെയ്ത് ഉപയോഗിക്കുമ്പോൾ ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിലിന് വില, സീനിയറേജ് ചാർജ്ജുകൾ, റോയൽറ്റി ചാർജ്ജുകൾ എന്നിവ ഒഴിവാക്കുന്നതിന് എല്ലാവരും സമ്മതം അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഇത് സംബന്ധിച്ച് തീരുമാനം ബഹു. റവന്യൂ, വ്യവസായ വകുപ്പ് മന്ത്രിമാർ മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കാമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു."

5. അഷ്ടമുടിക്കായലിലേതിന് സമാനമായി വേമ്പനാട് കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്ന് ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66- ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി NHAI -യ്ക്ക് വില ഈടാക്കാതെ നൽകുന്നതിന് അനുമതി നല്കുന്നതും ഈ സ്പോയിലിന് റോയൽറ്റി (KMMC ചട്ടങ്ങളിലെ ചട്ടം 7, 32 എന്നിവയിൽ ഇളവ് വരുത്തി), സീനിയറേജ് ചാർജ് എന്നിവയിൽ ഇളവ് നൽകുന്നതിന് അനുമതിയും പൊതുജന താൽപര്യപ്രകാരം നൽകാവുന്നതാണ്.

6. ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

വേമ്പനാട് കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്ന് ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66- ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി ദേശീയപാതാ അതോറിറ്റി (National Higway Authority of India-NHAI) ക്ക് വില ഈടാക്കാതെ നൽകുന്നതിന് പൊതു താത്പര്യം മുൻനിറുത്തി അനുമതിയും, ഈ സ്പോയിലിന് റോയൽറ്റി (KMMC ചട്ടങ്ങളിലെ ചട്ടം 7, 32 എന്നിവയിൽ ഇളവ് വരുത്തി), സീനിയറേജ് ചാർജ് എന്നിവയിൽ ഇളവ് നൽകുന്നതിന് അനുമതിയും താഴെപ്പറയുന്ന വ്യവസ്ഥകളോടെ നൽകാമോ ;

1. വേമ്പനാട് കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന റോയൽറ്റി, സീനിയറേജ് ഇളവ് നൽകുന്ന ഉൽപ്പന്നങ്ങൾ ദേശീയപാതകളുടെ നിർമ്മാണത്തിന് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ

2. NHAI നിയോഗിക്കുന്ന എഞ്ചിനീയർ, ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ ജിയോളജിസ്റ്റ് എന്നിവർ ഡ്രഡ്ജ് ചെയ്തെടുക്കുന്നതും ദേശീയപാതയ്ക്ക് ഉപയോഗിക്കുന്നതുമായ റോയൽറ്റി ഇളവ് നൽകുന്ന ഉൽപ്പന്നത്തിന്റെ അളവ് സർട്ടിഫൈ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.